# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2012 മാർച്ച് 23, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

### എം. കുഞ്ഞുകൃഷ്ണ പിള്ള, ഇ.ജെ. ലൂക്കോസ് എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗങ്ങളായിരുന്ന എം. കുഞ്ഞുകൃഷ്ണ പിള്ള, ഇ.ജെ. ലൂക്കോസ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

### പ്രമേയം

### സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സഭ നേരത്തെ എടുത്ത തീരുമാനങ്ങളിൽ ഭേദഗതി വരുത്തി ഇന്ന് ചേരുവാൻ നിശ്ചയിച്ചിരുന്ന അപരാഹ്ന സമ്മേളനം വേണ്ടെന്ന് വയ്ക്കാനും ഉപധനാഭ്യർത്ഥനകളുടേയും വോട്ട് ഓൺ അക്കൗണ്ടുകളുടേയും ചർച്ചകൾക്കായി ഓരോ മണിക്കൂർ വീതം സമയം അനുവദിക്കാനും രണ്ട് ധനവിനിയോഗ ബില്ലുകളും ചർച്ചകൂടാതെ പരിഗണി

ക്കാനും സബ്മിഷൻ ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയെ സഭ അംഗീകരിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സബ്മിഷനുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ തയ്യാറാക്കിയ മറുപടികൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

മി. സ്പീക്കർ: മറുപടികൾ നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചു തന്നാൽ ബന്ധപ്പെട്ട അംഗങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്.

അടിയന്തരപ്രമേയം

സ്വാശ്രയ എഞ്ചിനീയറിംഗ് - മെഡിക്കൽ പ്രവേശനം

മി. സ്പീക്കർ: 50 ശതമാനം മെരിറ്റ് സീറ്റിൽ കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നിഷേധിക്കുന്ന നിലയിൽ അടുത്ത വർഷത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് - മെഡിക്കൽ പ്രവേശനം സംബന്ധിച്ച് സർക്കാരും മാനേജുമെന്റുകളും തമ്മിൽ ധാരണയിലെത്തിയിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എം.എ. ബേബി, മാത്യു ടി തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : എഞ്ചിനീയറിംഗ് - മെഡിക്കൽ പ്രവേശനം സംബന്ധിച്ച് സ്വാശ്രയ മാനേജുമെന്റുകളുമായുള്ള അവസാനവട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റുമായി കരാറിൽ ഒപ്പു വയ്ക്കാതെ മാറിനിന്ന ക്രിസ്റ്റ്യൻ എഞ്ചിനീയറിംഗ് - മെഡിക്കൽ കോളേജ് മാനേജുമെന്റുകളും ചർച്ചയ്ക്ക് തയ്യാറായി വന്നിട്ടുണ്ട്. ഇപ്രാവശ്യം ഗവൺമെന്റിന്റെ മെരിറ്റ് ലിസ്റ്റിൽനിന്നും 50 ശതമാനം സീറ്റുകൾ എടുക്കുന്നതിന് അവരുമായി ധാരണയിൽ എത്തിയിട്ടുണ്ട്. എ.ഐ.സി.റ്റി. നോംസ് മാറ്റിയ സാഹചര്യത്തിൽ കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുന്നതായി കണക്കുകൾ സഹിതം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഫീസിന്റെ കാര്യത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകില്ല. യാഥാർത്ഥ്യബോധത്തോടുകൂടി മാത്രമേ ഗവൺമെന്റ് പ്രശ്നത്തെ കാണുകയുള്ളൂ.

ശ്രീ. എം.എ. ബേബി: 50 ശതമാനം സീറ്റിൽ സംവരണതത്വവും മെരിറ്റും കൃത്യമായി പാലിച്ച് പ്രവേശനം നടത്തുകയും ബാക്കിയുള്ള 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസിലോ മാനേജുമെന്റ് ഫീസിനേക്കാൾ കുറഞ്ഞ ഫീസിലോ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്തു എന്നതായിരുന്നു നേരത്തെ എടുത്തിരുന്ന സമീപനം. ഈ അക്കാഡമിക് ഇയറിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് പിറവം ഉപതെരഞ്ഞെടുപ്പിനുമുൻപുതന്നെ ക്രിസ്ത്യൻ മാനേജുമെന്റുകളുമായി ധാരണയിലെത്തിയിരിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞവർഷം യു.ഡി.എഫ്. ഗവൺമെന്റിന് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഒരു ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്താണ് നാല് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി കരാറിലേർപ്പെട്ട് ഒന്നാംവർഷം തന്നെ 50% സീറ്റിൽ ഗവൺമെന്റ് ഫീസിലോ മാനേജ്മെന്റ് ഫീസിനേക്കാൾ കുറഞ്ഞ ഫീസിലോ മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിഞ്ഞത്. മുൻ ഗവൺമെന്റിന്റെ കാലത്ത് എഞ്ചിനീയറിംഗിന് 35,000 രൂപ ഗവൺമെന്റ് ഫീസ് ഉണ്ടായിരുന്നത് ഇന്ന് 75,000 രൂപയാക്കാനാണ് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ധാരണയായിരിക്കുന്നത്. മാനേജ്മെന്റ് ഈടാക്കുന്ന ഉയർന്ന ഫീസ് ഗവൺമെന്റ് അഡ്മിറ്റ് ചെയ്യുന്ന 50% സീറ്റിലെ കുട്ടികളും നൽകേണ്ട സാഹചര്യമാണ് വന്നിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മെഡിക്കൽ കോളേജ് പ്രവേശനത്തിന് ആവശ്യപ്പെടുന്ന 3,75,000 രൂപ അംഗീകരിച്ചാൽ അത്രയും തുക ഗവൺമെന്റ് കൊടുക്കേണ്ടി വരുമെന്നതിൽ തർക്കമില്ല. എസ്.സി/എസ്.ടി. വിഭാഗത്തിന് ചെലവഴിക്കേണ്ട പണം ഇത്തരത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് ലഭിക്കാൻ പോകുകയാണ്. ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുറേ കുട്ടികളെ ഇന്റർ സേ മെറിറ്റ് പ്രകാരം പ്രവേശിപ്പിക്കാമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വ്യവസ്ഥ ഇപ്പോൾ ആ പദവി ഇല്ലാത്ത സ്ഥാപനങ്ങൾക്കും ബാധകമാക്കിയിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ക്രിസ്ത്യൻ മാനേജുമെന്റിന്റെ കീഴിലുള്ള മെഡിക്കൽ വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികളിൽ ഒരു കുട്ടിക്കു പോലും ഗവൺമെന്റ് ഫീസിൽ അഡ്മിഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥാപനങ്ങളിൽ അഡ്മിഷന് വിദ്യാർത്ഥികളിൽനിന്ന് മൂന്നര ലക്ഷം രൂപയാണ് വാങ്ങിയിരുന്നത്. ഇത്തവണ ക്രിസ്ത്യൻ മാനേജുമെന്റ് സ്ഥാപന ങ്ങളിൽ എം.ബി.ബി.എസ്-ന് മൂന്നേമുക്കാൽ ലക്ഷം രൂപയായി ഉയർത്താ നാണ് സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. ഓരോ കോളേജിൽ നിന്നും 40 ലക്ഷം രൂപ തിരിച്ചുവാങ്ങി എൻട്രൻസ് കമ്മീഷണർ അയച്ചു കൊടുക്കുന്ന ബി.പി. എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസും താഴ്ന്ന വരുമാനത്തിൽപ്പെട്ടവർക്ക് ഗവൺമെന്റ് നിശ്ച യിക്കുന്ന സൗജന്യവും കൊടുത്തതിനുശേഷമുള്ള തുക ആ കോളേജിലെ അടുത്ത വർഷത്തെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഫണ്ടിലേക്ക് നിക്ഷേപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഓരോ കോളേജിൽനിന്നും മൂന്നുലക്ഷം രൂപ വിതം സ്കോളർഷിപ്പ് ഫണ്ട് വാങ്ങിക്കൊണ്ട് ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽനിന്നും ഗവൺമെന്റ് ഫീസായിരിക്കും ഈടാക്കുന്നത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു വിദ്യാർത്ഥിക്കുപോലും ഈ ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല മുന്നു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന തുക ലോ ഇൻകം ഗ്രൂപ്പിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പ്രവേശനം കൊടുക്കാൻവേണ്ടി വിനി യോഗിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഒരു കാരണവശാലും വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും ചൂഷണം ചെയ്യാൻ സ്വാശ്രയ കോളേജുകളെ അനുവദിക്കുകയില്ല. ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ കുറഞ്ഞ ചെല

വിൽ ലഭ്യമാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ വർഷം ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാനും വിദ്യാഭ്യാസ രംഗത്ത് സുപ്രധാനമായ തീരുമാനങ്ങളെടുക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു)

ശ്രദ്ധ ക്ഷണിക്കൽ

(1) പാർവ്വതി മിൽ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടികൾ

ശ്രീ. എ.എ. അസീസ്: കൊല്ലത്തെ പാർവ്വതി മില്ലിലെ തൊഴിലാളികളോട് മറ്റ് മില്ലുകളിലേയ്ക്ക് മാറുകയോ വി.ആർ.എസ്. അനുസരിച്ച് പിരിഞ്ഞു പോകുകയോ ചെയ്യണമെന്ന് അധികൃതർ നോട്ടീസ് നൽകിയിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇടപെട്ട് മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നിലവിലുള്ള തൊഴിലാളികളുടെ ശമ്പളകുടിശ്ശിക നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പാർവ്വതി മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ടെക്സ്റ്റയിൽസ് മന്ത്രാലയത്തിന് 08-03-2012-ന് കത്തെഴുതിയിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്.

(2) ജലവിഭവപരിപാലന പ്രവൃത്തികൾ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: ജലസേചനസൗകര്യങ്ങളില്ലാത്തതിനാൽ വയനാട്ടിൽ നെൽവയലുകളിൽ വാഴക്കൃഷി ചെയ്യുകയാണ്. നെൽകൃഷി ഇല്ലാതായതോടുകൂടി പ്രകൃതിദത്ത ജലസംഭരണികൾ നശിക്കുകയും കുടിവെള്ള സ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുകയുമാണ്. വയനാട് ജില്ലയിലെ തോടുകളിലും പുഴകളിലും ശാസ്ത്രീയമായ രീതിയിൽ തടയണകൾ നിർമ്മിച്ച് ജലസേചന സൗകര്യമൊരുക്കുകയും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ജലസേചന സൗകര്യമില്ലാത്തിനാൽ വയനാട് ജില്ലയിലെ. നെൽവയലുകളിൽ ഇന്ന് വാഴകൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. കുടിവെള്ളം, ജലസേചനം എന്നിവയെ ഉദ്ദേശിച്ചാണ് തടയണകളുടെ നിർമ്മാണവും ജലവിഭവ പരിപാലന പ്രവൃത്തികളും നടത്തുന്നത്. കൂടുതൽ തടയണകൾ നിർമ്മിക്കുവാനുള്ള ജില്ലാ പഞ്ചായത്തിന്റെയും വാട്ടർ അതോറിറ്റി തുടങ്ങിയവയുടെയും നിർദ്ദേശം നിലവിലുണ്ട്. പുൽപ്പള്ളി, മുള്ളൻകൊല്ലി തുടങ്ങിയ പ്രദേശങ്ങളിൽ കബനിയിലെ ജലം ഉപയോഗിച്ച് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാറമേൽ റീഹാബിലിറ്റേഷൻ, മലബാർ ഇറിഗേഷൻ പാക്കേജുകളിൽ ഉൾപ്പെടുത്തി 13 തടയണകൾ പൂർത്തീകരിക്കുകയും പ്രയോരിറ്റി മൈനർ ഇറിഗേഷനിൽ ഉൾപ്പെടുത്തി 2 തടയണകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി 38 തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 430 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയും

നടപ്പാക്കിവരുന്നു. പടിഞ്ഞാറേത്തറ, പുൽപ്പാടിത്തറ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കൽ പ്രവൃത്തി 31-03-2013-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കൽപറ്റ മുനിസിപ്പാലിറ്റിക്ക് കുടിവെള്ളത്തിനായി 32.17 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ കിണർ, പ്രധാന പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ചാൽ കണിയാംപറ്റ, പടിഞ്ഞാറെത്തറ, ഉപ്പാടത്തറ, മുള്ളേരി വില്ലേജുകളിലെയും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെയും ശുദ്ധ ജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിയും ബാണാസുരസാഗർ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>ധനകാര്യം</u>

<u>2011 – 12 -ലെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>.

2011-12 ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

<u>എം.എൽ.എ. യെ മർദ്ദിച്ച സംഭവം</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ശ്രീ.കെ.ദാസൻ എം.എൽ.എ. യെ പോലീസ് മർദ്ദിച്ച സംഭവം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ വിശദവിവരങ്ങൾ സഭ പിരിയുന്നതിനു മുൻപ് സഭയെ അറിയിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിരുന്നു. എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് എന്നുള്ളത് വ്യക്തമാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഇതുസംബന്ധിച്ച് ആദ്യം കിട്ടിയ റിപ്പോർട്ട് തൃപ്തികരമല്ലാത്തിനാൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും അതുപ്രകാരം wound സർട്ടിഫിക്കറ്റും എഫ്.ഐ.ആർ.-ഉം ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തകർ ഉള്ളിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചപ്പോൾ എം.എൽ.എ. പോലീസിനോടൊപ്പംനിന്ന് അവരെ തടയുന്നതിനിടയിൽ വീണ് കൈമുട്ടിന് പരിക്ക് പറ്റി എന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ എം.എൽ.എ. യുടെ അഭിപ്രായം കൂടി ആരാഞ്ഞതിനു ശേഷം എന്തു ചെയ്യണമെന്ന് തീരുമാനിക്കുന്നതാണ്.

<u>ശ്രീ. കെ. ദാസൻ:</u> വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണിത്. ഒരു സംഘർഷം ഒഴിവാക്കാനാണ് ഞാൻ അവിടെ എത്തിയത്. കുറച്ച് ദൂരെ മാറി നിന്നിരുന്ന സി.ഐ. യും അത്തോളിയിലെ എസ്.ഐ. യും ഒരു പോലീസുകാരനും ഓടിവന്ന് എന്റെ ചുമലിൽ അടിച്ചതോടെ ഞാൻ വീഴുകയും മുറിവേൽക്കുകയും ചെയ്തു. ഉടൻതന്നെ സഹകരണ ആശുപത്രിയിൽ എന്നെ എത്തിക്കുകയും പിന്നീട് താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകുകയുമാണുണ്ടായത്. വൂൺഡ് സർട്ടിഫിക്കറ്റിൽ സഹകരണ ആശുപത്രിയിൽ കൊണ്ടുപോയ കാര്യങ്ങൾ രേഖപ്പെടു

ത്തിയിട്ടില്ല. ഇത്തരത്തിൽ പോലീസ് മേധാവിയെ സംരക്ഷിക്കാൻ ശ്രമി ക്കുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യ ങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുന്നതാണ്.

(മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ ബഹു: പ്രതിപ ക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭ യിൽനിന്ന് പുറത്തുപോകുകയും അൽപസമയം കഴിഞ്ഞ് തിരികെ വരി കയും ചെയ്തു.)

അറിയിപ്പ്

മി. സ്പീക്കർ: സഭാസമ്മേളനം കഴിഞ്ഞ് ഉച്ചയോടുകൂടി സി.പി.ഐ. സംസ്ഥാന സെക്രട്ടറി സി. കെ. ചന്ദ്രപ്പന്റെ നിര്യാണവുമായി ബന്ധപ്പെട്ട ചട ങ്ങുകളിൽ അംഗങ്ങൾക്ക് പങ്കെടുക്കുന്നതിന് എം.എൽ.എ. ഹോസ്റ്റ ലിൽനിന്നും രണ്ട് ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു എം.എൽ.എ. യെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടും നടപടിയെടുക്കാത്തതിനാൽ സഭാ നടപടിയുമായി പ്രതിപക്ഷത്തിന് സഹകരിക്കാൻ കഴിയില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റ് നിലപാട് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭാനടപടികൾ സമ്പൂർണ്ണമായി ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ചു)

ശ്രീ. സി.പി. മുഹമ്മദ് : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്കുതകുന്ന ഒരു ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. നിള ടൂറിസം പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന പത്തുലക്ഷം രൂപ അപര്യാപ്തമായതിനാൽ അത് പത്തുകോടി രൂപയായി വർദ്ധിപ്പിക്കുകയും കൊപ്പത്ത് ഒരു സബ്ട്രഷറി സ്ഥാപിക്കുകയും വേണം. പട്ടാമ്പി സംസ്കൃത കോളേജിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ വർക്ക് ടെണ്ടർ ചെയ്യാനാവശ്യമായ തുക കൂടി വകയിരുത്തണം.

ശ്രീ. റ്റി.എ. അഹ്മദ് കബീർ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ യുവാക്കൾക്കും സ്ത്രീകൾക്കും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രത്യാശ പകരാൻ ഈ ബഡ്ജറ്റ് സഹായകരമാകും. ജനപക്ഷ നയങ്ങളിൽ നിന്നും യു.ഡി.എഫ്. ഗവൺമെന്റിന് പിന്മാറാൻ കഴിയില്ലെന്ന് ഈ ബഡ്ജറ്റിലൂടെ തെളിയിച്ചിരിക്കുകയാണ്. ബഡ്ജറ്റും പ്ലാനിംഗും സന്തുലിതമായി കൈകാര്യം ചെയ്യുന്നതോടൊപ്പം നിർവ്വഹണ രംഗത്ത് അച്ചടക്കം വേണമെന്നും വ്യക്തമാകുകയാണ്. സമ്പൂർണ്ണമായ ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിലൂടെ സംസ്ഥാനത്തെ സമ്പന്നമാക്കി മാറ്റാൻ കഴിയുന്നതാണ്.

ശ്രീ. പി.സി. ജോർജ് : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങളാണ് സപ്ലിമെന്ററി

ഗ്രാന്റിനുള്ള ധനാഭ്യർത്ഥനയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്ലാൻ എക്സ്പെന്റീച്ചർ 100 ശതമാനമാക്കാനും നികുതി വരുമാനം ടാർജറ്റിൽ എത്തിക്കാനും ഫിനാൻസ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന പരിധിക്കുള്ളിൽനിന്ന് റവന്യു എക്സ്പെന്റീച്ചർ നിയന്ത്രിക്കാനും കഴിഞ്ഞത് ശ്രദ്ധേയമാണ്. ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ തടയുന്ന പത്രവിതരണക്കാരുടെ സമീപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തിയാക്കാനുള്ള തുക കൂടി അനുവദിക്കാനും 2001 മുതൽ വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള മുഴുവൻ പേരുടെയും പലിശ എഴുതിത്തള്ളാനുമുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 3381 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയിൽ 1946 കോടി രൂപ ഈ വർഷം അഡീഷണൽ ഓതറൈസേഷൻ നൽകിയതും 1432 കോടി രൂപ ഈ വർഷം പ്രതീക്ഷിക്കുന്ന അധികചെലവുമാണ്. ഈ ഉപധനാഭ്യർത്ഥനയിൽ പ്രധാനമായും പെൻഷനും മിസലേനിയസ് ഐറ്റത്തിനുംവേണ്ടിയുള്ളത് 1190 കോടി രൂപയാണ്. പി.ഡബ്ല്യു.ഡി.-ക്ക് 760 കോടി രൂപയും സാമൂഹ്യ ക്ഷേമത്തിന് 398 കോടി രൂപയുമാണ് ചോദിച്ചിരിക്കുന്നത്. പ്ലാൻ എക്സ്പെന്റീച്ചർ 100 ശതമാനവും ചെലവഴിച്ചു എന്നതിൽ ഗവൺമെന്റിന് അഭിമാനമുണ്ട്. കാപ്പിറ്റൽ എക്സ്പെന്റീച്ചർ 2010-11 വർഷത്തേക്കാൾ ഒരു ശതമാനത്തിലേറെ ഉയർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അടുത്ത വർഷം ഏതാണ്ട് 12 ശതമാനമാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്.

വികസനത്തിന് പ്രാധാന്യം നൽകുന്ന ഗവൺമെന്റാണിത്. നിള ടൂറിസം പദ്ധതിക്കാവശ്യമായത്രയും തുക അനുവദിക്കുന്നതാണ്. ഗുരുവായൂർ-തൃശ്ശൂർ റോഡ് നാലുവരിപ്പാതയാക്കുന്നതിനും ചൂണ്ടൽ-ഗുരുവായൂർ 7 മീറ്റർ റോഡ് നാലുവരിപ്പാതയാക്കുന്നതിനും എറണാകുളത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള പ്രോജക്ടിനും മുൻഗണന നൽകുന്നതാണ്. ശിവഗിരി കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം നൽകുന്നതാണ്. 2003 മുതൽ 2009 വരെ വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള മുഴുവൻ പേരുടേയും പലിശ ബാധ്യത എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജപ്തി നടപടികൾ ഉണ്ടാകുകയില്ല. മുവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിന് ഫണ്ടിന്റെ അപര്യാപ്തയുണ്ടാകുകയില്ല. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാ

ഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥ

നയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുക

കൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2012-2013 സാമ്പത്തിക വർഷത്തെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് 2012 -2013-ൽ ആകെ ചെലവ് വരുന്നത് 69,103 കോടി രൂപയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കാൻ ഈ സഭാ സമ്മേളനത്തിൽ സമയമില്ലാത്തതിനാൽ 2012-13 വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവിനു വേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടിൽ 48 ധനാഭ്യർത്ഥനകളിലായി ചോദിച്ചിരിക്കുന്ന 23,034 കോടി രൂപ അനുവദിച്ചുതരണമെന്നഭ്യർത്ഥിക്കുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ജോസഫ് വാഴക്കൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സാമ്പത്തിക അച്ചടക്കവും കൃത്യമായ ദിശാബോധവുമുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കൃഷി, വ്യവസായം, മാലിന്യ സംസ്ക്കരണം, കുടിവെള്ളം, ജലസേചനം, ഗ്രാമവികസനം തുടങ്ങിയ മേഖലകൾക്ക് ഊന്നൽ കൊടുക്കുന്ന ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികളെല്ലാം യാഥാർത്ഥ്യമാക്കാനാവശ്യമായ പണം വകയിരുത്തിയത് സ്വാഗതാർഹമാണ്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് പുതിയ ഫാമുകൾ തുടങ്ങാനും കാർഷികരംഗത്തേയ്ക്ക് പുത്തൻ തല

മുറയെ ആകർഷിക്കാനും കഴിയുന്ന വിധത്തിൽ കൃഷിയെ ഒരു വ്യവസായമാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തിയ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. പെൻഷൻ പ്രായം ഉയർത്തുകയും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി.ക്ക് അപേക്ഷിക്കുന്നതിനുള്ള കാലപരിധി ഉയർത്തുകയും ചെയ്ത നടപടി ന്യായീകരിക്കപ്പെടേണ്ടതാണ്. പൈനാപ്പിൾ മിഷന് രൂപം നൽകിയതും തുക മാറ്റിവച്ചതും സ്വാഗതാർഹമാണ്. കൊച്ചി നഗരത്തെ മെട്രോപൊളിറ്റൺ സിറ്റിയാക്കി മാറ്റി കിഴക്കൻ മേഖലയിൽ മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ലയുണ്ടാക്കുന്നതിനുള്ള ശ്രമം ഉണ്ടാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. എ.എസ്.എ.പി.യിലൂടേയും എ.എസ്.ഇ.പി.യിലുടേയും സാങ്കേതിക പരിജ്ഞാനമുള്ള സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമം സ്വാഗതാർഹമാണ്. ഐ.റ്റി. മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം ശ്രദ്ധേയമാണ്. 'എമർജിംഗ് കേരള', ഗ്രീൻ ഹൗസ് പദ്ധതി എന്നിവയിലൂടെ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. മനുഷ്യവിഭവശേഷിയെ ലോക മാർക്കറ്റിൽ ബ്രാൻഡു ചെയ്യുന്നതിനായി ആവിഷ്ക്കരിക്കുന്ന ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ്, അക്കാഡമിക് സിറ്റി എന്നിവ പ്രതീക്ഷ നൽകുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പിറവം ഉപതെരഞ്ഞെടുപ്പിന്റെ ഫലം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ജനകീയ മുഖത്തിനുള്ള അംഗീകാരമാണ്. കേരളം

നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിൽ ക്രിയാത്മകമായ സമീപനം സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ടെന്നതിൽ ആത്മാഭിമാനമുണ്ട്. പതിനായിരത്തോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട്ചെയ്തും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചും യുവജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കാർഷിക മേഖല ആധുനിക വൽക്കരിക്കപ്പെടുമ്പോൾ ചെറുപ്പക്കാർ ആ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. വികസനവും കരുതലും എന്ന യു.ഡി.എഫ്.-ന്റെ നയം എല്ലാ പ്രവർത്തന മേഖലകളിലും പ്രതിഫലിക്കുന്നത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. സി.എഫ്. തോമസ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമൂഹത്തിലെ താഴെത്തട്ടിലെ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ പദ്ധതികൾക്കുവേണ്ടി ബഡ്ജറ്റിൽ പണം നീക്കിവയ്ക്കാനും അവരുടെ ജീവിതനിലവാരത്തിൽ മാറ്റം വരുത്താനും പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: കുടിവെള്ള പദ്ധതി നടപ്പിലാക്കാനും പൈപ്പുകൾ റീപ്ലേസ് ചെയ്യാനും നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ള സ്രോതസ്സുകൾ സൃഷ്ടിക്കുന്നതിന് പുഴകളിൽ തടയണകൾ നിർമ്മിക്കാനും പിറവം നിയോജകമണ്ഡലത്തിൽ വച്ച് ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ കേരളത്തിലുടനീളം പ്രയോറിറ്റി കൊടുത്ത് നടപ്പിലാക്കാനും നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ള സ്രോതസ്സുകൾ മലിനമാ

ക്കുന്ന ഏജൻസികൾക്കെതിരെയുള്ള നടപടികൾ കർശനമാക്കുന്നതാണ്. കേരളത്തിലെ ഓരോ പഞ്ചായത്തിലും ഓരോ കുളം നിർമ്മിക്കാനും അമ്പല ക്കുളങ്ങൾ പുനരുദ്ധരിക്കാനും കോട്ടയത്തും എറണാകുളത്തും ജപ്പാൻ കുടിവെള്ള പദ്ധതി കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന മുഴുവൻ പദ്ധതികൾക്കും ക്ലിയറൻസ് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പുതിയ സംവിധാനത്തെ പ്പറ്റി ആലോചിക്കുന്നതാണ്. അടുത്തവർഷം ഫിനാൻഷ്യൽ ക്ലിയറൻസ് മുൻകൂട്ടി കൊടുക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കും. നാടാർ/ മുസ്ലീം വിദ്യാർത്ഥിനികൾക്ക് അനുവദിച്ച സ്ളോർഷിപ്പ് ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥിനികൾക്കും അനുവദിക്കുന്നതാണ്. കൊങ്കണി, ഉറുദ്ദു സാഹിത്യ അക്കാഡമികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കുട്ടനാട്ടിലെ ഓരുവെള്ളം തടയുന്നതിനായി മീനച്ചിൽ നദീതട പദ്ധതി നടപ്പിലാക്കും. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരി ക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## നിയമനിർമ്മാണകാര്യം

## (1) 2012-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2012-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം, 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി

(2) 2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം, 3-ഉം വകുപ്പുകകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (3) 2012-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

### അവകാശലംഘന പ്രശ്നങ്ങൾ

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ മലയാള മനോരമ പത്രത്തിനെതിരെയും സർവ്വശ്രീ. വി. ശിവൻകുട്ടി, വി. എസ്. സുനിൽ കുമാർ, ഡോ. ടി. എം. തോമസ് ഐസക് എന്നിവർ മുഖ്യമന്ത്രിക്കെതിരെയും സർവ്വശ്രീ എ. കെ. ബാലൻ, വി. ശിവൻകുട്ടി, വി. എസ്. സുനിൽ കുമാർ, രാജു എബ്രഹാം എന്നിവർ ശ്രീ. പി. സി. ജോർജിനെതിരെയും സർവ്വശ്രീ റ്റി. വി. രാജേഷ്, ജെയിംസ് മാത്യു എന്നിവർ മുഖ്യമന്ത്രി, ഗവ: ചീഫ് വിപ്പ്, വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി, ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, ആർ. രാജേഷ്, ബെന്നി ബെഹനാൻ, കുഞ്ഞമ്മത് മാസ്റ്റർ, കെ. ദാസൻ, പാലോട് രവി,. എം. എ. ബേബി, വി. ശിവൻകുട്ടി, ജി. സുധാകരൻ. ഡോ. ടി. എം. തോമസ് ഐസക്, എന്നിവരുടെ അവകാശലംഘന നോട്ടീസുകളും ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ജി. സുധാകരൻ എന്നിവർ നൽകിയ അവകാശലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

ക്രമപ്രശ്നം

സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്ത നടപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ശ്രീ ആർ. സെൽവരാജിന്റെ രാജിയുമായി ബന്ധപ്പെട്ട പരാമർശത്തിന്റെ പേരിൽ ശ്രീ. എം. വിജയകുമാറിനെതിരെ. ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിനാണ് സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ റൂളിംഗ് നൽകിയത്. ശ്രീ. ആർ.സെൽവരാജിന്റെ രാജി സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് മുൻകൂട്ടി അറിവുണ്ടായിരുന്നു എന്നതിന് വ്യക്തമായ തെളിവുണ്ടെന്നും രഹസ്യമായി രാജി സ്വീകരിച്ച നടപടി ചട്ടവിരുദ്ധമാണെന്നും ഇതിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്നും ശ്രീ. എം. വിജയകുമാർ പത്രസമ്മേളനത്തിൽ ആരോപിച്ചതുവഴി സ്പീക്കർ പദവിയോട് മാത്രമല്ല സഭയോടുമുള്ള അവഹേളനമാണ് നടത്തിയത്. ഇത് വളരെ നിർഭാഗ്യകരമാണ്. സഭ ഒന്നാകെ ഇതിനോടുള്ള പ്രതിഷേധവും അനാദരവും പ്രകടിപ്പിക്കുന്നു.

മി. സ്പീക്കർ : ഇന്ന് ലിസ്റ്റ് ചെയ്തിരുന്ന അംഗങ്ങൾക്ക് സഭയിൽ ഉന്നയിക്കാൻ സാധിക്കാത്ത 44 സബ്മിഷനുകളുടെ മറുപടി മന്ത്രിമാർ

നേരിട്ട് അയയ്ക്കണം. അല്ലെങ്കിൽ സ്പീക്കറുടെ ഓഫീസിൽ എത്തിച്ചാൽ അംഗങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്.

<u>മുഖ്യമന്ത്രിയുടെ പ്രമേയം</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

13-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പു സമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സഭ ഉച്ചയ്ക്ക് 12.00-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.